പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1540 — 03.10.2016 -ൽ മറുപടിക്ക്.

## സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ പമ്പ് തുറന്ന് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താവിന് അവകാശപ്പെട്ട സൗജന്യവായു നിറക്കൽ, ജലം മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ വരുത്താൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താവിന് അവകാശപ്പെട്ട സൗജന്യ വായു നിറയ്ക്കൽ, ജലം, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ടി സൗകര്യങ്ങൾ പെട്രോൾ പമ്പുകളുടെ എല്ലാ പ്രവർത്തന സമയങ്ങളിലും ലഭ്യമാണ് എന്ന് എണ്ണക്കമ്പനി കളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) മാറിമാറി വരുന്ന ഗവൺമെന്റുകൾ ഓരോ ഉപഭോക്തൃദിനത്തിലും ഇക്കാര്യത്തിൽ ഉപഭോക്താവിന്റെ അവകാശം സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകുമെങ്കിലും ആയത് സ്വകാര്യ പമ്പ് മുതലാളിമാരെക്കൊണ്ട് നടപ്പാക്കി ക്കിട്ടാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>(സി) അയൽ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ശുഷ്കാന്തി കാണിക്കാൻ സർക്കാർ തയ്യാറാകുമോ? | (ബി) & (സി) എണ്ണക്കമ്പനികളും, പെട്രോൾ പമ്പ് ഉടമസ്ഥരും തമ്മിലുള്ള ഉടമ്പടി പ്രകാരം എല്ലാ പമ്പുകളിലും മേൽപ്പറഞ്ഞ സൗകര്യങ്ങൾ നിർബന്ധ മാക്കിയിട്ടുണ്ടെന്നും ടി സൗകര്യങ്ങൾ പെട്രോൾ പമ്പുകളിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട എണ്ണ ക്കമ്പനികൾ കാലാനുസൃതമായി പമ്പുകളിൽ പരിശോധന നടത്താറുണ്ട് എന്നും എണ്ണ ക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ എല്ലാ പമ്പുകളിലും ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ